CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കുർബാനപ്പട്ടം കൊടുക്കുന്ന ക്രമം

(PRO MANUSCRIPTO)

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സീറോമലബാർ ലിററർജിക്കൽ കമ്മററി

*Prior General's House,
Ernakulam, Cochin - 11.
S. India.*

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഈ പുസ്തകത്തെപ്പററി

ലിററർജിക്കമ്മററി ശുപാർശചെയ്തതനുസരിച്ചു തയ്യാറാക്കിയതാണ് ഈ പുതിയക്രമം. വത്തിക്കാൻ കൗൺസിൽ ലിററർജിയേയും പൗരസ്ത്യറീത്തുകളേയുംപററി നല്കിയിരിക്കുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് മാററങ്ങളധികവും വരുത്തിയിട്ടുള്ളതു്. ചിലതു താഴെ ചേർക്കുന്നു.

1 കശ്ശീശാപ്പട്ടത്തിന്റെ ക്രമം ദിവ്യബലിയോടു സംയോജിപ്പിച്ചിരിക്കുന്നു.

2 വിശുദ്ധ ഗ്രന്ഥപാരായണത്തിനു കൂടുതൽ പ്രാധാന്യം നല്കി പ്രസക്തമായ നാലു വായനകൾ ചേർത്തിരിക്കുന്നു.

3 ഓരോ വായനയുടേയും ശേഷമുള്ള പ്രാർത്ഥനകൾ, ദൈവവചനമുൾക്കൊള്ളുന്ന അനുഗ്രഹങ്ങൾ പട്ടം സ്വീകരിക്കുന്നവർക്കു ലഭിക്കാൻ വേണ്ടിയുള്ളവയാണ്.

4 വൈദികരാണ് ഈ പ്രാർത്ഥനകൾ ചൊല്ലുന്നതു്. രൂപതയിലെ വൈദികരുടെ സംഘടനാസ്വഭാവം ഇതുവഴി കൂടുതൽ സ്പഷ്ടമാകുന്നു.

5 തിരുകർമ്മത്തിന്റെ ആരംഭത്തിലുള്ള ഉദ്ബോധനം മററു കൂദാശകളുടെ ആരംഭത്തിലും സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇതിന്റെ മനശ്ശാസ്ത്രപരമായ മൂല്യം സ്പഷ്ടമാണല്ലോ.

6 ഇടയ്ക്കു ചേർത്തിട്ടുള്ള വാഗ്ദാനം പുരോഹിതന്റെ ത്രിവിധ ധർമ്മങ്ങളെ അനുസ്മരിപ്പിക്കുന്നു. വത്തിക്കാൻ കൗൺസിലിന്റെ ചിന്താഗതിക്കു് ഇതു് തികച്ചും അനുഗുണമാണ്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



7 കൈവയ്പുപ്രാർത്ഥന അനുഷ്ഠാനപരമായും ആശയപരമായും വത്തിക്കാൻ കൗൺസിലിൻെറ സ്പഷ്ടമായ നിർദ്ദേശങ്ങൾക്കനുസൃതമായി സമ്പുഷ്ടമാക്കിയിരിക്കുന്നു.

8 കൈവയ്പുപ്രാർത്ഥന കഴിഞ്ഞുള്ള ചടങ്ങുകൾക്കു കൂടുതൽ പ്രസക്തവും വി. ഗ്രന്ഥനിഷ്ഠവുമായ വാക്യങ്ങളാണ് ഉപയോഗിച്ചിരിക്കുന്നതു്.

മഹാകവി പ്രവിത്താനം ശ്രീ. പി. എം. ദേവസ്യാ പദ്യരൂപം കൊടുത്ത സങ്കീർത്തനങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളതു്. (പ്രസ്തുത പദ്യഗ്രന്ഥം ലിററർജിക്കൽ കമ്മററി പ്രസാധനം ചെയ്തിട്ടുള്ളതാണ്.) സങ്കീർത്തനങ്ങൾ പാടുവാൻ ഭാരതീയ ഭക്തകീർത്തനരീതിയാണ സ്വീകരിച്ചിരിക്കുന്നതു്.

തിരുപ്പട്ടം നല്കുന്നതിനുള്ള ഈ ക്രമം ഇനിയും പൂർണ്ണമാക്കേണ്ടതുണ്ട്. പട്ടം നല്കുന്ന പിതാക്കന്മാരുടെ അനുഭവജ്ഞാനമാണ് ഇതിനു മാർഗ്ഗദർശനം നല്കേണ്ടതു്. നമ്മുടെ റീത്തിന് അനുഗുണമായും കേരളസഭാംഗങ്ങളുടെ ഇന്നത്തെ നിലവാരം പരിഗണിച്ചും ഇനിയും ഈ ക്രമം പൂർണ്ണതരമാക്കാൻ ബ. വൈദികരും ശമ്മാശ്ശന്മാരും അത്മായരും അഭിപ്രായങ്ങൾ അറിയിച്ചു സഹായിക്കണമെന്നു താല്പര്യപ്പെടുന്നു. ഈ ക്രമത്തിന് അന്തിമരൂപം നല്കുവാൻ അവ തീർച്ചയായും ഉപകരിക്കും.

കൺവീനർ
മലബാർ ലിററർജിക്കൽ കമ്മററി
പൊന്തിഫിക്കൽ സെമിനാരി
ആലുവാ—3

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART